## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 115

13.6.2013- ൽ
മറുപടിക്ക്

## കയർമേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>,, സി.കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും, അടിക്കടിയുണ്ടാവുന്ന വിലവ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളിയും പ്രതിസന്ധിയുമാണ്. |
| (ബി)സംസ്ഥാനത്ത് കയർതൊഴിലാളികൾക്ക് കഴിഞ്ഞവർഷം എത്ര തൊഴിൽദിനങ്ങളാണ് ലഭിച്ചത്; | (ബി) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് കഴിഞ്ഞ വർഷം ഏകദേശം 46 ലക്ഷത്തിലേറെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായി കണക്കാക്കപ്പെടുന്നു. |
| സി) തൊഴിലില്ലായ്മമൂലം പട്ടിണിയിലായ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | സി) കയർമേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംഘങ്ങളെ പുനരുജ്ജീവി |

| | |
|---|---|
| | പ്പിക്കുന്നതിനായി സർക്കാർ അർഹമായ എല്ലാ സംഘങ്ങൾക്കും പ്രവർത്തന മൂലധന ഗ്രാന്റ് ഉൾപ്പെടെയുള്ളവ നൽകി വരുന്നു. കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകി വരുമാനം ഉറപ്പാക്കൽ പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| ഡി) നഷ്ടത്തിലായ കയർസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | ഡി) കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ഇ) സമരം നടത്തിയ കയർ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കുകയുണ്ടായോ? | ഇ) നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ